നാട്ടുരാജാക്കന്മാർക്ക് പെൻഷൻ

14 [1731] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടുരാജാക്കന്മാർക്ക് ഇപ്പോൾ പെൻഷൻ നൽകുന്നുണ്ടോ ? ഉണ്ടെങ്കിൽ ആർക്കെല്ലാം ? എത്ര മുപാവീതം നൽകുന്നുണ്ട് ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) കൊട്ടാരം പെൻഷൻക്കാർക്ക് പെൻഷൻ നൽകാൻ എന്തു തുകയാണ് ഓരോ വർഷവും ചെലവഴിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. പെൻഷൻ നൽകുന്നവരുടെ പേരും തുകയും സംബന്ധിച്ച കൂടുതൽ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന പെൻഷൻക്കാരുടെ ആവശ്യം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ശമ്പളം, പെൻഷൻ മുതലായ ഇനങ്ങളിൽ ചെലവാക്കിയ തുക

15 [1732] ശ്രീ കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-1-2005-ൽ ട്രഷറിയിലെ ക്യാഷ് ബാലൻസ് എത്രയായിരുന്നു ;

(ബി) ഫെബ്രുവരി മാസത്തെ ശമ്പളം ഇനത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് എത്ര തുകയാണ് ;

(സി) പെൻഷൻ ഇനത്തിൽ ഫെബ്രുവരി മാസത്തെ ചെലവ് പ്രതീക്ഷിക്കുന്നത് എത്രയാണ് ;

(ഡി) സാമൂഹ്യക്ഷേമ പെൻഷനുകൾ, പലിശയിനത്തിലുള്ള ചെലവ് തുടങ്ങിയ ഇനങ്ങളിൽ ഫെബ്രുവരി മാസത്തിൽ പ്രതീക്ഷിക്കുന്ന തുക എത്ര വീതമാണ് ;

(ഇ) 2001 ഫെബ്രുവരിയിൽ പലിശയിനത്തിൽ എത്ര തുക ചെലവാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-1-2005-ൽ സംസ്ഥാനം 103.02 കോടി രൂപ ഓവർഡ്രാഫ്റ്റിൽ ആയിരുന്നു.

(ബി) ഏകദേശം 480 കോടി രൂപ.

(സി) ഏകദേശം 236 കോടി രൂപ.

(ഡി) ഏകദേശം 14.10 കോടി രൂപ.

(ഇ) അക്കൗണ്ടന്റ് ജനറൽ നൽകിയ കണക്കുപ്രകാരം 226.88 കോടി രൂപ.

സർക്കാർ വാഹനങ്ങൾ വാങ്ങിക്കാൻ ചെലവായ തുക

16 [1733] ശ്രീ. യു. സി. രാമൻ :

" കളത്തിൽ അബ്ദുള്ള :

" ടി. പി. എം. സാഹിർ :

" പി. കെ. അബ്ദുറബ്ബ് :

" ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓഫീസ് മേധാവികൾക്കും വിവിധ ഓഫീസ് ആവശ്യങ്ങൾക്കുമായി കഴിഞ്ഞ നാല് വർഷങ്ങളിൽ എത്ര മോട്ടോർ കാറുകൾ വാങ്ങിയിട്ടുണ്ട് ;

(ബി) ഇതിനെല്ലാം കൂടി എത്ര തുക ചെലവായി ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ മാത്രം പ്രസ്തുത കാര്യത്തിന് എത്ര തുക ചെലവായി ;

(ഡി) ഗവൺമെന്റ് വകുപ്പുകളിലേക്ക് മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ച് നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുമോ ;

(ഇ) ഗവൺമെന്റ് വാഹനങ്ങൾ ഉദ്യോഗസ്ഥന്മാരുടെ സ്വകാര്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കർശനമായി തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പരിശോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly